LIBRARY ARCHIVES Kerala Legislative Assembly

ടൈബൽ ക്യിക്ക് റിയാക്ഷൻ ടീം

302 (280) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ടൈബൽ ക്യിക്ക് റിയാക്ഷൻ ടീം എന്ന സ്പെഷ്യൽ ടീം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ടീം രൂപീകരിച്ചിട്ടുള്ളത്; പ്രസ്തുത ടീമിൽ എത്ര അംഗങ്ങൾ വീതമുണ്ട്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ടീമിന്റെ വിവിധ ജില്ലകളിലെ ഇതുവരെയുള്ള പ്രവർത്തനം സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) പ്രസ്തുത ടീമിന്റെ രൂപീകരണത്തിനായി 2014-15-ൽ എത്ര തുക വകയിരുത്തിയിരുന്നു; എത്ര തുക അനുവദിച്ചു; അതിൽ എത്ര തുക പിൻവലിക്കാതെ ട്രഷറിയിൽ ബാക്കി നിൽപ്പുണ്ടായിരുന്നു; വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ. കാസർഗോഡ് എന്നീ 6 ജില്ലകളിൽ ടൈബൽ ക്യിക്ക് റിയാക്ഷൻ ടീം രൂപീകരിക്കുന്നതിന് സർക്കാർ ഭരണപരമായ അനുമതി നൽകിയിരുന്നു. എന്നാൽ ഈ ജില്ലകളിൽ ടൈബൽ ക്യിക്ക് റിയാക്ഷൻ ടീം ഇതുവരെ രൂപീകരിച്ചിട്ടില്ല.

ലോക്കപ്പ് മർദ്ദനം

303 (281) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ നടന്ന ലോക്കപ്പ് മർദ്ദനം, ആത്മഹത്യ, കൊലപാതകം ഇവ ഓരോന്നും എത്ര വീതമെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പോലീസ് കസ്റ്റഡിയിൽ (1)വനിതകൾ കൊല്ലപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; (2) പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ കൊല്ലപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ പോലീസ് കസ്റ്റഡിയിലെ മരണവും ലോക്കപ്പ് മർദ്ദനവുമായി ബന്ധപ്പെട്ട് എത്ര പോലീസുകാർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്; എത്ര പേർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പോലീസ് പീഡനത്തെത്തുടർന്ന് എത്ര ആത്മഹത്യകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതേ തുടർന്ന് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?